**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 349** — **24.06.2014 ൽ മറുപടിയ്ക്ക്**

## സഹകരണ വായ്പാ നയം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി<br>ശ്രീ. റ്റി.എ. അഹമ്മദ് കബീർ<br>ശ്രീ. പി.കെ. ബഷീർ<br>ശ്രീ. സി. മോയിൻകുട്ടി | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) റിസർവ് ബാങ്കിന്റെ വായ്പാ നയത്തിൽ വരുത്തിയ മാറ്റം, സഹകരണ സ്ഥാപനങ്ങളെ ദോഷകരമായി ബാധിക്കുമെന്ന് കരുതുന്നുണ്ടോ; | (എ) റിസർവ് ബാങ്കിന്റെ ഏറ്റവും ഒടുവിൽ പ്രഖ്യാപിച്ച വായ്പാ നയം സഹകരണ സ്ഥാപനങ്ങളിൽ ഗുണദോഷ സമ്മിശ്ര ഫലങ്ങൾ ഉണ്ടാക്കുമെന്നാണ് കരുതുന്നത്. |
| (ബി) എങ്കിൽ ഏതെല്ലാം വിധത്തിൽ ബാധിക്കുമെന്നത് സംബന്ധിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (ബി) പരിശോധിച്ചിട്ടുണ്ട്. ജില്ലാ സഹകരണ ബാങ്കുകളുടെ സി.ആർ.എ.ആർ. (കരുതൽധനാനുപാതം) 3% ൽ നിന്നും 4% ആയി വർദ്ധിപ്പിക്കുകയുണ്ടായി. ആയത് 1% കൂടുതൽ കരുതൽ ധനം വയ്ക്കേണ്ട സാഹചര്യം ഉണ്ടാക്കുന്നു. സംസ്ഥാന/ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിരക്ക് 25% ൽ നിന്നും 22.5% ആയി കുറയ്ക്കുകയുണ്ടായി. ആയത് ജില്ലാ സഹകരണ ബാങ്കുകളെ സംബന്ധിച്ചിടത്തോളം താരതമ്യേന ചെലവ് കുറഞ്ഞ നിക്ഷേപം കൂടുതൽ വായ്പാ വിതരണത്തിനായി വിനിയോഗിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുന്നത് ഗുണകരമാകുമെന്ന് കരുതാവുന്നതാണ്. |

| | |
|---|---|
| (സി) എളുപ്പത്തിൽ പണമായി മാറ്റാവുന്ന നിക്ഷേപങ്ങളുടെ അനുപാതം കുറച്ചത് സഹകരണ മേഖലയെ ഏത്‌വിധം ബാധിക്കുമെന്ന് വ്യക്തമാക്കുമോ? | (സി) എസ്.എൽ.ആർ. നിരക്ക് നിലവിലുള്ള 25% ൽ നിന്നും 22.5% ആയി കുറയുമ്പോൾ ഇത്തരത്തിൽ നിക്ഷേപിക്കേണ്ട തുകയിൽ കുറവ് വരുന്നതാണ്. പ്രസ്തുത തുക ലാഭകരമായ മറ്റ് മാർഗ്ഗങ്ങളിൽ വിനിയോഗിക്കാൻ കഴിയുകയും ബാങ്കിന്റെ വരുമാന വർദ്ധനവിനും ലാഭക്ഷമത വർദ്ധിക്കുന്നതിനുമിടയാകും. ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ. നിക്ഷേപം ഇപ്പോൾ സംസ്ഥാന സഹകരണ ബാങ്കിൽ നിക്ഷേപിച്ചിട്ടുള്ള സാഹചര്യത്തിൽ എസ്.എൽ.ആർ നിരക്കിൽ വന്ന കുറവിനനുസരിച്ച് ജില്ലാ സഹകരണ ബാങ്കുകൾ സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും തുക പിൻവലിക്കുന്ന സാഹചര്യമുണ്ടായാൽ ആയത് സംസ്ഥാന സഹകരണ ബാങ്കിന്റെ വായ്പാ വിതരണത്തെ പ്രതികൂലമായി ബാധിക്കാനിടയുണ്ട്. മാത്രവുമല്ല 2015 ഏപ്രിൽ 1 മുതൽ ജില്ലാ സഹകരണ ബാങ്കുകളുടെ എസ്.എൽ.ആർ നിക്ഷേപം കണക്കാക്കുന്നതിന് സംസ്ഥാന സഹകരണ ബാങ്കിലെ നിക്ഷേപം കണക്കിലെടുക്കാത്ത സാഹചര്യത്തിൽ ജില്ലാ സഹകരണ ബാങ്കുകൾ അവരുടെ എസ്.എൽ.ആർ. നിക്ഷേപം ഗവണ്മെന്റ് സെക്യൂരിറ്റികളിൽ നിക്ഷേപിക്കേണ്ട സാഹചര്യമുണ്ടാകും. സംസ്ഥാന സഹകരണ ബാങ്കിൽ നിന്നും ജില്ലാ സഹകരണ ബാങ്കുകൾ വ്യാപകമായി തുക പിൻവലിക്കുന്ന സാഹചര്യം സംജാതമാക്കാനും, ആയത് സംസ്ഥാന സഹകരണ ബാങ്കിന്റെ പ്രവർത്തനത്തെ ദോഷകരമായി ബാധിക്കാനുമിടയുണ്ട്. ഗവൺമെന്റ് സെക്യൂരിറ്റികളിലെ നിക്ഷേപത്തിന് മറ്റ് രീതിയിലുള്ള എസ്.എൽ.ആർ നിക്ഷേപത്തെ അപേക്ഷിച്ച് താരതമ്യേന കുറഞ്ഞ വരുമാനമേ ലഭിക്കുകയുള്ളൂ. ഇത് ബാങ്കുകളുടെ ലാഭക്ഷമത കുറയ്ക്കുന്നതിനിടയാക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ